**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2226** **12-12-2022 - ൽ മറുപടിയ്ക്ക്**

**തൃപ്പൂണിത്തറ റെയിൽവേ സ്റ്റേഷനിലേക്ക് മെട്രോ റെയിൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | തൃപ്പൂണിത്തുറ എസ്. എൻ ജംഗ്ഷനിൽ നിന്ന് തൃപ്പൂണിത്തറ റെയിൽവേ സ്റ്റേഷനിലേക്കുള്ള മെട്രോ റെയിൽ നിർമ്മാണം എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്; | (എ) | 2023-ൽ പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | ആലുവ മുതൽ എസ്. എൻ ജംഗ്ഷൻ വരെ മെട്രോ റെയിൽ നിർമ്മാണം പൂർത്തിയായപ്പോൾ 22 മീറ്റർ വീതിയിൽ റോഡ് നിർമ്മിച്ചതുപോലെ എസ്.എൻ ജംഗ്ഷൻ മുതൽ തൃപ്പൂണിത്തുറ റെയിൽവേ സ്റ്റേഷൻ വരെ 22 മീറ്റർ വീതിയിലുള്ള റോഡ് നിർമ്മിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ? | (ബി) | എസ്. എൻ ജംഗ്ഷൻ - തൃപ്പൂണിത്തുറ മെട്രോ പദ്ധതിയുടെ ആലോചനാഘട്ടത്തിൽ, തൃപ്പൂണിത്തുറ നഗരസഭ നിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്ന റോഡിൽ മെട്രോ വയഡക്ട് നിർമ്മാണം നടത്തുവാൻ ആവശ്യപ്പെട്ട് തൃപ്പൂണിത്തുറ നഗരസഭ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന് കത്ത് നൽകുകയുണ്ടായി. പ്രസ്തുത പദ്ധതിയുടെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് അധിക ബാദ്ധ്യത ഒഴിവാക്കുവാനും മെട്രോ റെയിലും, നിർദ്ദിഷ്ട ബസ് ഡിപ്പോയും തമ്മിൽ മെച്ചപ്പെട്ട കണക്ടിവിറ്റി ഉറപ്പാക്കുവാനും Kochi Metro Rail Limited, തൃപ്പൂണിത്തുറ നഗരസഭയുടെ നിർദ്ദേശം അംഗീ കരിച്ച് വിശദ പദ്ധതി രേഖ സർക്കാരിന് സമർപ്പിച്ചു. തുടർന്ന് മെട്രോ വയഡക്ട് നിർമ്മിക്കുന്നതിന് 356 കോടി രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. ഈ കാലയളവിൽ നഗരസഭയ്ക്ക് 9.98 ഏക്കർ ഭൂമിയുടെ ഭരണാനുമതി നിർദ്ദിഷ്ട വയഡക്ടിനും, ബസ് ഡിപ്പോയ്ക്കും ആയി സർക്കാർ നൽകിയിരുന്നു. എന്നാൽ സ്ഥലമെടുപ്പിനായുള്ള അഡ്വാൻസ് അടയ്ക്കുവാൻ ജില്ലാ ഭരണകൂടം നിർദ്ദേശിച്ചതിനെത്തുടർന്ന് ഇത്രയും തുക വഹിക്കുവാൻ സാധിക്കില്ല എന്ന വിവരം തൃപ്പൂണിത്തുറ നഗരസഭ തദ്ദേശ സ്വയംഭരണവകുപ്പിനെ അറിയിച്ചു. സ്ഥലമെടുപ്പിനുണ്ടാകുന്ന കാലതാമസം പരിഗണിച്ച് മെട്രോ വയഡക്ടിന് മാത്രം ആവശ്യമായ സ്ഥലം (16 മീറ്റർ വീതിയിൽ) ഏറ്റെടുക്കുന്നതിനായി 463 സെന്റ് ഭൂമി അധികമായി ഏറ്റെടുക്കുവാൻ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് സർക്കാരിനെ സമീപിച്ചതിനെ തുടർന്ന് 448 കോടി രൂപയുടെ പുതുക്കിയ |

| | | | |
|---|---|---|---|
| | | | ഭരണാനുമതി നൽകുകയും ചെയ്തു. ഇതിൽ മെട്രോ വയഡക്ട് കടന്നു പോകുന്നതിനാവശ്യമായ സ്ഥലത്തിന്റെ വീതി (Right-of-Way) 16 മീറ്റർ ആയിരിക്കും.<br><br>അപ്രകാരം മെട്രോ വയഡക്ട് കടന്നു പോകുന്നതിനും, ഇരുവശത്തും കുറഞ്ഞത് 5.5 മീറ്റർ വീതിയിൽ വാഹനങ്ങൾക്ക് സഞ്ചാരപാത നൽകുന്നതിനും ഉതകുന്ന 16 മീറ്റർ വീതിയിൽ സ്ഥലമേറ്റെടുക്കുകയും നിർമ്മാണം പുരോഗമിക്കുകയുമാണ്. |

സെക്ഷൻ ഓഫീസർ